**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1530** **10-10-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട എക്സൈസ് ഓഫീസിന്റെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട എക്സൈസ് ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായുള്ള ഭൂമി സർക്കാർ പുറമ്പോക്ക് എന്ന നിലയിൽ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജില്ലാ കളക്ടർ 2024 മാർച്ച് 27-ന് കത്ത് മുഖാന്തിരം തഹസിൽദാരോട് (കാട്ടാക്കട) ആവശ്യപ്പെട്ടിരുന്നതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ? | (എ) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

No. TLK-KTDA/1430/2023-B2

താലൂക്ക് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ
കാട്ടാക്കട, തിരുവനന്തപുരം-695572
ഫോൺ നം : 0471-2291414
ഇ-മെയിൽ :kattakadatalukoffice@gmail.com
തീയതി 20-09-2024

തഹസിൽദാർ
കാട്ടാക്കട
ജില്ലാ കളക്ടർ
തിരുവനന്തപുരം

സർ,

വിഷയം: ഭൂമി കൈമാറ്റം - എക്സൈസ് ഓഫീസ് നിർമ്മിക്കുന്നത് സംബന്ധിച്ച്
സൂചന: 1. അങ്ങയുടെ 27 .03.24 ലെ DCTVM / 6154 / 20 -ബി 2 നമ്പർ കത്ത് .
2. കുളത്തുമ്മൽ വില്ലേജ് ഓഫീസറുടെ 05/09/24 ലെ 476/24
12 /08/ 24 ലെ 427 / 24 , 05/09/24 ലെ 476/24 നമ്പർ റിപ്പോർട്ടുകൾ

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മിക്കുന്നതിനായി നിർദേശിക്കപ്പെട്ടിട്ടുള്ള കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നം. 9 ൽ റീസർവ്വേ നമ്പർ 245 / 10 ൽ ഉൾപ്പെട്ട 05.75 ആർ സ്ഥലം ബി .റ്റി .ആർ പ്രകാരം പബ്ലിക് മാർക്കറ്റ് എന്നു കാണുന്നതും , പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടു വരുന്നതും , ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിക്ഷിപ്തവുമാണ് . കൂടാതെ ടി സ്ഥലം കാട്ടാക്കട -മണ്ഡപത്തിൻകടവ് റോഡിൽ ആമച്ചൽ ജംഗ്ഷന് മുൻപായി ഉദ്ദേശം 50 മീറ്റർ ദൂരത്തായി ടി റോഡിനോട് ചേർന്ന് സുരേഷ് കുമാർ ,അഖിൽ & ലക്ഷ്മി , ഷഫീക് അലി &സജ്ന സലാം എന്നിവർ വകയ്ക്ക് വടക്കായും ,ബിനുകുമാർ & മഞ്ജുഷ വകയ്ക്ക് കിഴക്കായും ,സുബൈർ &ഹസീന വകയ്ക്ക് തെക്കായും ,, നടവഴി ,ചന്ദ്രിക ,സുബൈർ &ഹസീനഎന്നിവർ വകയ്ക്ക് പടിഞ്ഞാറായും സ്ഥിതി ചെയ്യുന്നു , ടി സ്ഥലം സർക്കാർ പുറമ്പോക്കിൽ മുതൽ കൂട്ടി എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മിക്കുന്നതിന് പരിഗണിക്കാവുന്നതാണ് .

ടി വസ്തുവിനോട് ചേർന്നും കാട്ടാക്കട മണ്ടപത്തിൽകടവ് റോഡിനോട് ചേർന്നുമുള്ള റീസർവ്വെ 245/5, 245/12 എന്നിവയിൽ ഉൾപ്പെട്ട സ്ഥലം ടി പഞ്ചായത്ത് പുറംമ്പോക്ക് ഭൂമിയുമായി സാമ്യമുള്ളതായി കാണുന്നതായും ടി വസ്തുവിന് 2010 ലെ ഫെയർ വാല്യൂ വിജ്ഞാപന പ്രകാരം ആർ 1 ന് 132000/ രൂപ ഫെയർ വാല്യൂ നിശ്ചയിച്ചിരിക്കുന്നതായും നാളത് നടപ്പ് മാർക്കറ്റ് വില അനുസരിച്ച്





Generated from eOffice by ANJALI VASUDEV, B4 .DCTVM, B4 DCTVM, District Collectorate Thiruvananthapuram on 07/10/2024 11:25 AM

ആർ 1 ന് 100000/(പത്ത് ലക്ഷം) രൂപ വിലയുള്ളതായി കാണുന്നു. കൂടാതെ ടി സ്ഥലം എക്സൈസ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് കൈമാറ്റം ചെയ്യുന്നതിന് മറ്റ് തടസ്സങ്ങൾ ഒന്നും ഇല്ലാ എന്ന് അറിയുന്നതായി ബന്ധപ്പെട്ട പ്രൊഫോർമ്മ റിപ്പോർട്ട്, പ്രൊപ്പോസൽ , ബി .റ്റി .ആർ , ലൊക്കേഷൻ മാപ്പ് , എഫ് .എം .ബി .പകർപ്പ് എന്നിവ സഹിതം റിപ്പോർട്ട് ചെയ്യുന്നു.

വിശ്വസ്തതയോടെ

TAHSILDAR

ഉള്ളടക്കം : കുളത്തുമ്മൽ വില്ലേജ് ഓഫീസറുടെ 05/09/24 ലെ 476/24
12 /08/ 24 ലെ 427 / 24 , 05/09/24 ലെ 476/24 നമ്പർ റിപ്പോർട്ടുകൾ

**ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാന്വവൽ ഒപ്പ് ആവശ്യമില്ല.**

.